നൽകുമ്പോഴുമൊക്കെ പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതിൽ കാലതാമസം വരുത്തുന്നു എന്നുള്ള ആക്ഷേപമാണുള്ളത്. പട്ടികജാതിക്കാരെന്നോ പട്ടികവർഗ്ഗക്കാരെന്നോ ഉള്ള യാതൊരു വിവേചനവും ഈ ആനുകൂല്യം നൽകുന്നതിൽ ഇല്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗവൺമെൻറിന്റെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കുട്ടികളെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ പട്ടികജാതി ഓഫീസിലും പട്ടികവർഗ്ഗ ഓഫീസിലും എത്താനുള്ള കാലതാമസം, ഫണ്ടിന്റെ ലഭ്യത അതുപോലെ ബഡ്ജറ്റ് പ്രൊവിഷൻ ഓരോ മാസവും ചെലവഴിക്കുന്നത് സംബന്ധിച്ച മന്ത്ലി സീലിംഗ്, മന്ത്ലി സീലിംഗ് ലഭ്യമാക്കാനുള്ള കാലതാമസം, ഇതുകൊണ്ടൊക്കെയാണ് അല്പം താമസം വരുന്നത് അതല്ലാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നേരത്തേ കൊടുക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് താമസിച്ചു കൊടുക്കുക എന്ന സമീപനം ഇല്ല. രണ്ടു ഭാഗത്തിൽപ്പെട്ടവർക്കും എത്രയും വേഗം ആനുകൂല്യങ്ങൾ കൊടുക്കണമെന്നാണ് ഗവൺമെൻറിന്റെ ആഗ്രഹം. അല്ലാതെ മനഃപൂർവ്വമായി ഒന്നും ഉണ്ടായിട്ടില്ല. വയനാട് ജില്ലയിൽ ഏകദേശം 21.16 ലക്ഷം രൂപ വിദ്യാഭ്യസ ആനുകൂല്യങ്ങൾക്കായി നൽകി. അതിൽ 4.65 ലക്ഷം രൂപ കഴിഞ്ഞ വർഷത്തെ കുടിശ്ശികയായിരുന്നു. ഇക്കാര്യത്തിൽ ഒരു വിവേചനവും കാണിക്കുന്നില്ല. പിന്നെ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. ഹൗസിംഗിന്റെ കാര്യത്തിൽ പട്ടികജാതിക്കാർക്ക് കൊടുക്കുമ്പോൾ അവർ സ്വയം വീടു വയ്ക്കാൻ തയ്യാറാവുകയാണ്. പക്ഷേ പട്ടികവർഗ്ഗത്തിൽപ്പെട്ട ചില വിഭാഗങ്ങൾ പണിയർ-അടിയർ തുടങ്ങിയ ആളുകൾ സ്വയം വീടു വയ്ക്കാൻ താൽപ്പര്യം കാണിക്കുന്നില്ല എന്നുള്ളതാണ് അനുഭവത്തിൽ നിന്നും പഠിക്കുന്നത്. അതല്ലാതെ പട്ടികവർഗ്ഗക്കാരോട് യാതൊരു വിവേചനവും കാണിച്ചിട്ടില്ല; കാണിക്കാൻ ഉദ്ദേശിക്കുന്നുമില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യങ്ങളെക്കുറിച്ച് അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ പരിഗണിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

(5) കോഴിക്കോട് ജില്ലയിലെ ബൊട്ടാണിക്കൽ ഗാർഡൻ

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, കോഴിക്കോട് ജില്ലയിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് ബൊട്ടാണിക്കൽ ഗാർഡൻ 1996-ൽ മലബാർ ബൊട്ടാണിക്കൽ ഗാർഡൻ എന്നാക്കി, പിന്നീട് ശാസ്ത്ര ഗവേഷണ പ്രവർത്തനം കണക്കിലെടുത്ത് ഭരണച്ചുമതല ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന് കൈമാറുകയുണ്ടായി. ഈ സ്ഥാപനത്തിന് ആവശ്യമായ പരിഗണന സർക്കാരിൽ നിന്ന് ലഭിക്കുന്നില്ല. ആയിരക്കണക്കിന് ശാസ്ത്ര ഗവേഷകരും വിദ്യാർത്ഥികളും ഈ സ്ഥാപനത്തെ ഉപയോഗപ്പെടുത്തുന്നുണ്ട്. ഈ സ്ഥാപനത്തിന് അർഹിക്കുന്ന പരിഗണന ലഭിക്കുന്നതിന് 2002-ൽ സർക്കാർ രൂപം നൽകിയ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ ഉൾപ്പെടുത്തി ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

10.A.M.]

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ഗവേഷണത്തിന് പ്രാധാന്യം നൽകിവരുന്ന സ്ഥാപനം അല്ലാത്തതിനാൽ ഈ സ്ഥാപനത്തെ ജില്ലാ ഭരണകൂടത്തിന് കീഴിൽ കൊണ്ടുവരുന്നതിനുള്ള ഒരു നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തിന് പരിസ്ഥിതി വകുപ്പിൽ നിന്നും നൽകിവരുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് അതേപടി തുടരാനും തീരുമാനിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മലബാർ ബൊട്ടാണിക്കൽ ഗാർഡനെ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ ഉൾപ്പെടുത്തുന്നതിന് നിർവ്വാഹമില്ല. എന്നാൽ ഈ വർഷം പത്തുലക്ഷം രൂപ ഈ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ആയത് മൂന്നു, നാല് ഗഡുക്കളായി വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഈ സ്ഥാപനത്തിന്റെ നടത്തിപ്പിനുവേണ്ട എല്ലാ സഹായവും ഗവൺമെന്റ് നൽകുന്നതാണ്.

(6) പ്രസാദ് സെബാസ്റ്റ്യൻ എന്ന ആളിന്റെ ദുരൂഹമരണം സി.ബി.ഐ. യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ആവശ്യം

ശ്രീ. പി. എസ്. സുപാൽ : സർ, പുനലൂർ മുനിസിപ്പൽ കൗൺസിലറും പത്തനാപുരം താലൂക്ക് കാർഷിക വികസന ബാങ്കിന്റെ പ്രസിഡന്റുമായിരുന്ന പ്രസാദ് സെബാസ്റ്റ്യൻ ചെന്നൈയിൽ വച്ച് കൊലചെയ്യപ്പെടുകയുണ്ടായി. മേയ് മാസം 26-ാം തീയതി ചെന്നൈയിലുള്ള പ്രസാദിന്റെ സഹോദരി റീത്താ അമൽരാജിന്റെ വീട്ടിൽ ചെന്നതിനുശേഷം അവിടെനിന്നിറങ്ങിയ പ്രസാദിനെ കാണാതാകുകയായിരുന്നു. പിന്നീട് ചെന്നൈയിൽ നിന്നും 80 കിലോമീറ്റർ അകലെ തിരുവള്ളൂർ ജില്ലയിലെ തിരുവാരക്കാട്-തിരുവരങ്ങ് ഗ്രാമത്തിൽ പ്രസാദിന്റെ മൃതദേഹം കണ്ടെത്തുകയായിരുന്നു. പ്രസാദിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് പലരേയും പോലീസ് അറസ്റ്റുചെയ്തിട്ടുണ്ടെങ്കിലും തമിഴ്നാട് പോലീസ് ഉൾപ്പെടെ പ്രതികളായി കണ്ടെത്തിയ സുരേഷ്, ഇന്ദിര ദമ്പതിമാരുടെ പങ്കിനെക്കുറിച്ച് യാതൊരു അന്വേഷണവും നടപടിയും ഉണ്ടാകുന്നില്ല. ഈ കേസിലെ യഥാർത്ഥ പ്രതികളെ തമിഴ്നാട് പോലീസ് സംരക്ഷിക്കുന്നതായി ആരോപണങ്ങളുണ്ട്. പുനലൂരിൽ നടന്ന മണിചെയിൻ ഇടപാട്, ഇൻഷ്വറൻസ് തട്ടിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് പ്രസാദ് സെബാസ്റ്റ്യൻ ബന്ധപ്പെട്ടവർക്ക് പരാതി നൽകിയിരുന്ന പശ്ചാത്തലം കൂടിയുണ്ട്. യഥാർത്ഥ പ്രതികളെ രംഗത്ത് കൊണ്ടുവരുന്നതിനും ഈ കൊലപാതകവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പുറത്തുകൊണ്ടു വരുന്നതിനും സി.ബി.ഐ എൻക്വയറിക്ക് അങ്ങ് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ കേസുമായി ബന്ധപ്പെട്ട് പ്രത്യേക താൽപ്പര്യമെടുത്തുതന്നെ അങ്ങ് തമിഴ്നാട് അധികൃതരുമായി ബന്ധപ്പെട്ട കാര്യം പ്രത്യേകമായി ഓർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly